# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3623** **20/06/2018-ൽ മറുപടിയ്ക്ക്**

## നിപയ്ക്കുള്ള ഹോമിയോ പ്രതിരോധ മരുന്ന്

**ചോദ്യം**

**ശ്രീ.ഷാഫി പറമ്പിൽ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** മഴക്കാലത്ത് സാധാരണ വൈറൽ പനിക്ക് നൽകുന്ന ഹോമിയോ മരുന്ന് നിപയ്ക്കുള്ള പ്രതിരോധ മരുന്ന് എന്ന നിലയിൽ ജനങ്ങൾക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**എ)** കോഴിക്കോട് ജില്ലയിലെ മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും നിപയ്ക്കുള്ള പ്രതിരോധ മരുന്ന് എന്ന നിലയിൽ മരുന്ന് വിതരണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ബി)** ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ മറി കടന്നു കൊണ്ട് സർക്കാർ ഹോമിയോ ആശുപത്രിയിൽ നിന്നും മരുന്ന് വിതരണം ചെയ്യുതായ സാഹചര്യം വിശദീകരിക്കുമോ;

**ബി)** ഹോമിയോപ്പതി വകുപ്പിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് Rapid Action Epidemic Control Cell- Homoeopathy (REACH) എന്ന സംവിധാനത്തിലൂടെയാണ്. ഇതിനായി State Level Epidemic Control Group (SLEG) എന്ന അഡ്വൈസറി ബോഡി ഹോമിയോപ്പതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് District Level Epidemic Control Group(DLEG) എന്ന അഡ്വൈസറി ബോഡിയാണ്. (DLEG)-ലെ അംഗങ്ങൾ പകർച്ചവ്യാധിയുള്ള കാലത്ത് രോഗികളുടെ രോഗലക്ഷണങ്ങൾ വിശദമായി പഠിച്ച് ഔഷധനിർണ്ണയം നടത്തിയശേഷമാണ് പ്രതിരോധ ഔഷധം ശുപാർശ ചെയ്യുന്നത്. DLEG റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SLEG പ്രതിരോധ ഔഷധ നിർണ്ണയം വിലയിരുത്തിയ ശേഷം അംഗീകാരം നൽകുകയാണ് ചെയ്യുന്നത്.

കോഴിക്കോട് ജില്ലയിൽ നിലവിലുള്ള പനിക്കെതിരെ നേരിട്ട് രോഗിയിൽ നിന്നും രോഗത്തെക്കുറിച്ച് പഠിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു സംഘം ഡോക്ടർമാർ രോഗബാധിതരെ ചികിത്സിച്ച ഡോക്ടറിൽ നിന്നും, രോഗികളുടെ കൂട്ടിരിപ്പുകാരിൽ നിന്നും

ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ DLEG ശുപാർശ ചെയ്തത് പ്രകാരമുള്ള മരുന്നാണ് SLEG അംഗീകരിച്ചത്. എന്നാൽ SLEG യുടെ ഉന്നതാധികാര സമിതിയായ ഹൈപവർ കമ്മിറ്റി നിലവിലുള്ള പകർച്ചപ്പനിയുടെ കേസുകൾ പഠിച്ച് മരുന്നുകൾ പുന:പരിശോധനയ്ക്ക് ശേഷം മരുന്ന് വിതരണം ആവശ്യമെങ്കിൽ മാത്രം നടത്തിയാൽ മതിയെന്ന് എടുത്ത തീരുമാനമാണ് ഡയറക്ടറുടെ സർക്കുലറിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ ഏതെങ്കിലും രോഗം പകർച്ചവ്യാധിയായി കണ്ട് ഔഷധം നൽകേണ്ടി വന്നാൽ കേസ് പഠനം നടത്തി തുടർ നടപടികൾക്കായി SLEG യെ അറിയിക്കേണ്ടതാണെന്നുള്ള പൊതു നിർദ്ദേശവും സർക്കുലറിൽ നൽകിയിരുന്നു. എന്നാൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത നിർദ്ദേശം ജില്ലയിലെ എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുക്കുകയും പ്രസ്തുത സർക്കുലർ നിപ്പയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് സംബന്ധിച്ചുള്ളതാണെന്ന് തെറ്റിദ്ധരിച്ചാണ് മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും നിപ്പയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് എന്ന രീതിയിൽ ഔഷധം വിതരണം ചെയ്യാനുള്ള സാഹചര്യമുണ്ടായത്.

**സി)** ജനങ്ങൾക്ക് തെറ്റായ സന്ദേശം നൽകുന്ന ഇത്തരം നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ?

**സി)** കോഴിക്കോട് ജില്ലാ മെഡിക്കലാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിപ്പയ്ക്കെതിരെ പ്രതിരോധം എന്ന രീതിയിൽ ഡോക്ടറുടെ അഭാവത്തിൽ ഔഷധം വിതരണം ചെയ്ത കോഴിക്കോട് മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**